## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

18.03.2013 ന് മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.194

### വന്യമൃഗങ്ങളുടെ ആക്രമണം

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ.റ്റി. എ. അഹമ്മദ് കബീർ
ശ്രീ.പി. കെ. ബഷീർ
ശ്രീ.പി. ഉബൈദുള്ള

(എ) വനങ്ങളോട് ചേർന്നുള്ള സ്ഥലങ്ങളിലും വനത്തിനുള്ളിലുമുള്ള മനുഷ്യാധിവാസകേന്ദ്രങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ച വരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) വനപ്രദേശങ്ങളിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്ന കൃഷിയിടങ്ങളിലും, വാസസ്ഥലങ്ങളിലും വന്യമൃഗ സാന്നിദ്ധ്യവും, ആക്രമണങ്ങളും ഉണ്ടാവുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളുടെ വിശദവിവരം നൽകാമോ;

**ഉത്തരം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) പഠനം നടത്തിയിട്ടുണ്ട്. പൊതുവെ വന്യമൃഗങ്ങൾ വനത്തിനുവെളിയിൽ വരുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ്.

1. ഫലപ്രദമായ വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.
2. വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള നെല്ല്, വാഴ, തെങ്ങ് മുതലായ കൃഷികളുടെ സാന്നിദ്ധ്യം വനാതിർത്തിയിൽ ഉണ്ടാകുന്നതുമൂലം.
3. വനത്തിനുള്ളിൽ ഉണ്ടാകുന്ന ജല-ഭക്ഷണ ദൗർലഭ്യം.
4. ദൈനംദിനം വനത്തിൽ സ്വതന്ത്രമായി തുറന്നുവിടുന്ന ലക്ഷക്കണക്കിന് കന്നുകാലികൾ തീറ്റപ്പുല്ലിനുവേണ്ടി വന്യമൃഗങ്ങളുമായി മത്സരിക്കുന്നതുമൂലം.
5. വന്യമൃഗങ്ങളുടെ സഞ്ചാരപഥത്തിന് വിഘ്നം നേരിടുന്നതു മൂലം.

(സി) വന്യമൃഗങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കിക്കൊണ്ട്, ജനജീവിതത്തിന് നേരെ അവയിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഭീഷണി ഒഴിവാക്കുന്ന കാര്യത്തിൽ സ്വീകരിക്കാവുന്ന എല്ലാ പരിഹാര മാർഗ്ഗങ്ങളെയും കുറിച്ച് പരിശോധിക്കുമോ?

(സി) വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ക്രിയാത്മകമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ